കൊടുക്കുകയുണ്ടായി. പക്ഷെ അവർ അതിനോട് റെസ്പോൺഡ് ചെയ്തില്ല. 1970-ൽ ഒപ്പ് വച്ച ഈ കരാർ പ്രകാരം നമുക്ക് ലഭ്യമാകേണ്ട ജലം ലഭ്യമാകണം. പക്ഷെ ഇതിന്റെ മുഴുവൻ നിയന്ത്രണവും തമിഴ്നാടിനാണ്. അതാണ് പ്രശ്നം സൃഷ്ടിച്ചിരിക്കുന്നത്. അത് കരാറിൽ നമുക്ക് പറ്റിയ പാളിച്ചയാണ്. അതുകൊണ്ടാണ് പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാനുള്ള ശ്രമം നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ പ്രതീക്ഷ കഴിയുന്നതും വേഗം കരാർ പുതുക്കാൻ കഴിയുമെന്നാണ്. അതിനുള്ള ശ്രമം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

V. റിപ്പോർട്ട് സമർപ്പണം

(1) I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ സ്പെഷ്യൽ റിപ്പോർട്ട്

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) സർ, I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ സ്പെഷ്യൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബില്ലിനെ സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബില്ലിനെ സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സിപീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. വ്യക്തിപരമായ പരാമർശം

ശ്രീ. പി. സി. ജോർജ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകിയതു സംബന്ധിച്ച് ശ്രീ. കെ. എം. മാണിയുടെ പരാമർശം

ശ്രീ. പി. സി. ജോർജ്: സർ, ഇന്നലെ ഡിമാന്റ് ഡിസ്ക്ഷൻ നടക്കുമ്പോൾ ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ഞാൻ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കൊടുത്ത ഒരു റിട്ട് പെറ്റീഷനെ സംബന്ധിച്ച് പരാമർശം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം പറഞ്ഞു, ബുദ്ധിമാനായ പി. സി. ജോർജ് കോടതിയിൽനിന്ന്, അതായത് അതിന്റെ അർത്ഥം ഞാൻ കോടതിയിൽ നിന്ന് ഓടി രക്ഷപ്പെട്ടു എന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. രാഷ്ട്രീയമായി എന്തും അദ്ദേഹം പറയട്ടെ. ഒരു നിയമ വകുപ്പുമന്ത്രിയെന്ന നിലയിൽ നിയമസംഹിതയോടും നിയമവ്യവസ്ഥയോടും ബഹുമാനം വേണമെന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. സർ, ഞാൻ കൊടുത്ത പെറ്റീഷൻ, അത് ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ വന്നു. കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് എൻ. കെ. സ്വാതി, ജസ്റ്റിസ് പി. ആർ. രാമൻ എന്നിവർ അടങ്ങുന്ന ഡിവിഷൻ ബഞ്ചാണ് വിധി പറഞ്ഞത്. ആ വിധിയിൽ ഞാൻ ഓടി

LIBRARY ARCHIVES Kerala Legislative Assembly

രക്ഷപ്പെട്ടില്ല എന്ന് അറിയാൻ ആ ജഡ്ജ്മെന്റ് ഒന്ന് വായിക്കുകയാണ്. N. K. Swathy, Smt. T. D. Rajalakshmy, Senior Standing Counsel for the Government of India accepts notice on behalf of the 6th respondent. ഇത് മുഴുവൻ വായിക്കാൻ സമയക്കുറവുകൊണ്ട് ഞാൻ തയ്യാറാകുന്നില്ല. സർ, We find that the petitioner has already made a representation to the Finance Minister, Government of India on which no decision appears to have been taken. After hearing Counsel for the parties we dispose off the writ petition with the direction to the Union of India that the competent authority should look into the complaint filed by the petitioners, copy of which is given as Ext. P-14.....and appropriate orders in accordance with the law. The needful shall be done within three months from the date of receipt of the copy of this letter. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് മൂന്നു മാസത്തിനകം പോസിറ്റീവായിട്ട് അന്വേഷിച്ച് വിധി പറയണമെന്ന് പറഞ്ഞിരിക്കുമ്പോൾ ഞാൻ കോടതിയിൽ നിന്ന് ഓടി രക്ഷപ്പെട്ടു എന്ന് സഭയേയും, ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി കൂടിയായ അങ്ങ് നടത്തിയ പ്രസ്താവന അപഹാസ്യമാണ്. ഇത് വ്യക്തിപരമായി എന്നെ അവഹേളിക്കുകയാണ് ചെയ്തത്. അതിലുള്ള പ്രതിഷേധം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

Mr. Deputy Speaker: Please resume your seat.

ശ്രീ. പി. സി. ജോർജ്: .....(ബഹളം)..... റൂൾ 288 അനുസരിച്ചാണ് ഞാൻ പറഞ്ഞത്. റൂൾ 288 അനുസരിച്ചാണ് പേഴ്സണൽ എക്സ്പ്ലനേഷൻ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ചെയർ റൂളിംഗ് കൊടുത്തു, നിങ്ങൾ അവിടെയിരിക്കൂ. മിനിസ്റ്റർ പെട്ടെന്ന്.....

ശ്രീ. എം. വി. ജയരാജൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറില്ല. Please resume your seat. No, No..... ഇവിടെ കുറേ നടപടിക്രമങ്ങൾ ഉണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ജോർജ് ഹൈക്കോടതിയിൽ കൊടുത്ത റിട്ട് പെറ്റീഷൻ വേണമെന്നുണ്ടെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ആ റിട്ട് പെറ്റീഷനിൽ ശ്രീ. ജോർജ് പറഞ്ഞത് 2001-നുശേഷം കേരള സംസ്ഥാനത്ത് ഫ്ളഡ് ഉണ്ടായിട്ടില്ല, ഫ്ളഡ് ഉണ്ടാകാതിരിക്കേ ഫ്ളഡ് വർക്കിന് സാങ്ഷൻ കൊടുത്തത് തെറ്റായിപ്പോയി എന്നാണ്. ശ്രീ. ജോർജിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഫ്ളഡ് കൊണ്ട് കുത്തൊഴുക്ക് ഉണ്ടായി, ഫ്ളഡ് കൊണ്ട് റോഡ് നശിച്ചു, എനിക്ക് സാങ്ഷൻ തരണമെന്നു പറഞ്ഞ് ശ്രീ. ജോർജ് തന്നെ എന്റെ കയ്യിൽ തന്ന നിരവധി പെറ്റിഷനുകളിൽ ഞാൻ ഓർഡർ ഇട്ട് കൊടുത്തത് ഞാൻ ഹൈക്കോടതിയിൽ ഹാജരാക്കി. 2001-നു ശേഷം ഫ്ളഡ് ഉണ്ടായിട്ടില്ല, മൂവാറ്റുപുഴ കോൺസ്റ്റിറ്റ്യുവൻസിയിൽ ഫ്ളഡ് ഫണ്ട് കൊടുത്തത് അഴിമതിയാണ് എന്ന് ജോർജ് പറഞ്ഞപ്പോൾ ഫ്ളഡ് ഉണ്ടായിട്ടുണ്ട് എന്ന് പറഞ്ഞ്, കേന്ദ്രത്തിന് കൊടുത്ത മെമ്മോറാണ്ടങ്ങൾ ഞങ്ങൾ അവിടെ സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ നിന്ന് ശ്രീ. ജോർജ് തന്നെ മൂപ വാങ്ങിക്കൊണ്ടുപോയ ആ പെറ്റീഷൻ കോടതിയിൽ സമർപ്പിച്ചു. അപ്പോൾ കോടതിയിൽ ശ്രീ. ജോർജ് പറഞ്ഞത് വാസ്തവ വിരുദ്ധമാണെന്ന് അവിടെയുണ്ടായിരുന്ന വക്കീലൻമാർക്ക് എല്ലാം ബോദ്ധ്യമായി. കേസ് ജയിക്കുകയില്ല എന്ന് കണ്ടപ്പോൾ വലിച്ചുമാൻ വേണ്ടി കേന്ദ്രത്തിലേയ്ക്ക് ഒരു പെറ്റീഷൻ കൊടുത്തുകൊണ്ട് അത് എക്സ്പഡൈറ്റ് ചെയ്താൽ മതിയെന്ന് കോടതിയിൽ സമർപ്പിച്ചു. ഞാൻ എന്തു കുറ്റം ചെയ്തു, വാദി പ്രതിയായോ? ഇത് വളരെ മോശമാണ്, അതുപോലെതന്നെ ഓർഡറുകളിൽ ഒരെണ്ണം സെക്ഷൻ ആഫീസറാണ് ഓർഡറിട്ടിരിക്കുന്നത്, കമ്മ്യൂണിക്കേറ്റ് ചെയ്ത് ജി. ഒ. ഇറക്കിയത് സെക്ഷനാഫീസറാണെന്ന് ശ്രീ. ജോർജ് കോടതിയിൽ പറഞ്ഞു. ഞങ്ങൾ കൗണ്ടറിൽ പറഞ്ഞു, ഗവൺമെന്റിന്റെ എല്ലാ ഓർഡറും സെക്ഷനാഫീസറിൽക്കൂടിയാണ് ജി. ഒ. പോകേണ്ടത്. അവിടെ പൊളിഞ്ഞു, പിന്നെ ശ്രീ. ജോർജ് മൂന്നാമത് പറഞ്ഞു, തുക ലാപ്സായി എന്ന്, ഇവിടത്തെ തന്നെ ബുള്ളറ്റിനകത്ത് പുറത്തുവന്നിട്ടുണ്ട്. തുക ലാപ്സാകില്ല. റിവോൾവിംങ് ഫണ്ടാണ്. ചുരുക്കിപ്പറഞ്ഞാൽ ബോണഫൈഡീസ് ഇല്ലാതെ അടിസ്ഥാനരഹിതങ്ങളായിട്ടുള്ള കണ്ടൻസ് വച്ച് അവിടെ റിട്ട് പെറ്റീഷൻ കൊടുത്ത ഓരോ ഖണ്ഡികയും അടിസ്ഥാനരഹിതമായിട്ട് വന്നു.

അവസാനം ശ്രീ. ജോർജ് പെറ്റീഷൻ കേന്ദ്രത്തിലേയ്ക്കു കൊടുത്തുകൊണ്ട്, വലിച്ചുരിക്കൊണ്ട് പോയി. ഇതാണ് ഇന്നലെ നിയമസഭയിൽ പറഞ്ഞത്. ഞാൻ പറഞ്ഞതിൽ ഒരു കുഴപ്പവുമില്ല. ഞാൻ പറഞ്ഞതിൽ ഒരു തെറ്റുമില്ല.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly